
KERALA ARCHIVES JOURNAL
Vol 2 Part 1 Trimonthly

THALIYOLA

An Archival and Historical Research Journal • Kerala State Archives Department

2011 January - March



കേരള സർക്കാർ

THALIYOLA
Kerala Archives Journal

Patrons

Sri. M.A. Baby
Minister for Education and culture, in-charge of State Archives, Kerala

Dr. Venu.V, IAS
Secretary to Govt. Cultural affairs

Chief Editor

Sri. J. Rajikumar
Director, State Archives

Asst. Editor

Sri. A.S. Kishore Kumar
Asst. Director, State Archives

Co-ordinator

Sri. P. Biju,
Junior Editor, State Archives

Type setting

Soft & Soft, *Sasthamangalam*

Cover Design

Godfrey's Graphics

Copies 1000

Printed at C-APT,
Thiruvananthapuram

Price Rs:...............

Director
Kerala State Archives Department, Nalanda, Thiruvananthapuram
Phone_Office-0471-2311547, 2313759, *E-mail:* keralaarchives@gmail.com
Keralaarchives@yahoo.com

THALIYOLA

Kerala Archives Journal

Vol 1 • Part 2 • Quarterly

Editor
J.Rejikumar
Director, Kerala State Archives Department

An Archival and Historical Research
Journal of the Kerala State Archives Department

Government of Kerala
Thiruvananthapuram
2010

CONTENTS

Editorial Note

Kerala State Archives Department, Government of Kerala is very proud to bring out the second part of the volume - I of **THALIYOLA**, the most prestigious archival and historical publication of the Department. This Volume assumes greater significance with the learned and scholarly article of Sri.M.A.Baby, Honourable Minister for Education and Cultural Affairs on the classical speech delibvered by Sri C.Kesavan at Kozhencherry on 11 May 1935 that became the source of energy to the social renaissance of modern Kerala.

T.N.Remani brings out the relevance and significance of heritage studies in an age of information and technology. Miriam Nisbet, the founder director of the Office of Government Information Services at the US Archives and Records Administration unravels the importance of UNESCO's Memory of the World Programme which speaks out the documentary heritage in the modern context. Archives through the Ages by Dr.B.Sobhanan and Functions of Archives by Dr.J.Thiyagrajan trace the growth of Archives through the Ages and the functions of Archives that are of great significance in the modern context. Dr.V.Jayagopan Nair's Concept and Genesis of Human Rights Movement in India commands greater significance as an emerging area of study and research. Dr. Ramachandran Nair in his article on Tragedy of C.P. Ramaswami Aiyar-Integration of Travancore with India: A Historical Review traces the aborted attempts of Diwan C.P. Ramaswami Aiyar to retain the independent status of Travancore as a separate princely state even after India's independence. The Role of Travancore Tamilnadu Congress in the formation of modern Kerala by Dr.C.Nadarajan of the Annamalai University shed fresh light on the circumstances that led to the formation of modern Kerala. Dr.A.Shaji's article Alcoholism in Kerala: Its social consequences on the marginalised classes harps upon a vital problem which is having a lot of contemporary significance.

Besides the learned research articles *Thaliyala* is committed itself to the publication of rare manuscripts. This particular issue of the Journal is having eight hitherto unpublished manuscript documents which shed fresh light on the dark corners of the Kerala history. The first document is a royal nittu issued by King Balarama Varma in the year 1809 to expel the British soldiers from the kingdom of Travancore and to restore the control of Udagiri fort. On the other hand in the second document the same Maharaja wanted the amicable settlement of the Travancore Rebellion and also to provide the essential commodities to the British soldiers. Document number three

is a nittu issued by Swati Tirunal Maharaja towards the manufacture of original seals and thereby prevent the use of bogus Sircar seals that were rampant in Travancore during those days. Document number four is an order towards the purchase of English cotton goods. The remaining four documents were issued during the reign of Ayilyam Tirunal Rama Varma (1860-1880) and his Diwan Sir. T. Madhava Rao. Among them Document number five assumes greater significance. It sheds light on the formation of a peoples' library in Trivandrum for the use of the public in 1862. Document number six reveals, the financial assistance granted by the Maharaja of Travancore to the weavers of England during the American civil war. Document number seven is the special permission granted to the Ezhavas to use upper cloth which was originally granted by the Maharaja in 1859. The last document reveals on the grant of pension to the retired government servants of Travancore fixing a maximum of Rs. 30/ only. All the documents are self explanatory. The historians and scholars can interpret the documents as per the norms of research methodology.

The Kerala State Archives Department is specially indebted to Sri M.A. Baby, the Honourable Minister for Education and Cultural Affairs, Government of Kerala for his keen interest on the regular publication of Thaliyola besides contributing an article. I express my sincere gratitude to Dr. V. Venu, IAS, Secretary, Cultural Affairs Department who continues himself as the greatest source of inspiration towards the archival publications. Similary I very much beholden to the Editorial Committee headed by Dr. K.N. Panikkar as Chairman, Dr. K.K.N. Kurup, Dr. S. Sivadasan, Dr. K. Maheswaran Nair and Sri Malayinkeezh Gopalakrishnan as members for their valuable suggestions. I record my deep gratitude to the Assistant Director, Archivists, Superintendents, Junior Editor, Assistant Archivists, Editorial Assistants and all other staff members of the Department for their assistance at the different stages of this publication. The Godfrey's Graphics, Sasthamangalam, Thiruvananthapuram and Soft and Soft, Sasthamangalam, Thiruvananthapuram deserve our special thanks for cover design and type setting. Finally I convey my thanks to the Kerala State Audio-Visual Reprographic Centre, Thiruvananthapuram for the neat and elegant printing works.

J. Rejikumar
Editor cum Director
Kerala State Archives Department

കേരള നവോത്ഥാനത്തിന് ഊർജം പകർന്ന പ്രസംഗം

എം. എ ബേബി
സംസ്കാരികവകുപ്പ് മന്ത്രി

കേരളചരിത്രത്തെ വഴിതിരിച്ചുവിട്ട കോഴഞ്ചേരി പ്രസംഗത്തിന്റെ എഴുപത്തഞ്ചാം വാർഷികദിനമായിരുന്നു മെയ് 11. ആധുനിക കേരളത്തെ രൂപപ്പെടുത്തിയെടുക്കാൻ അർപ്പണബോധത്തോടെയും ത്യാഗപൂർണമായും പ്രവർത്തിച്ച നേതാക്കളുടെ നിരയിലാണ് തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന സി കേശവന്റെ സ്ഥാനം. വരും കാലം കേരളം ഏതുവിധത്തിലാകണമെന്ന് ചിന്തിക്കണമെങ്കിൽ പോയകാല കേരളം എങ്ങനെയായിരുന്നു എന്ന് നാം അറിയണം. ആ ബോധത്തിന്റെ പശ്ചാത്തലത്തിലാണ് എഴുപത്തഞ്ചാമാണ്ടിലും സി കേശവന്റെ കോഴഞ്ചേരി പ്രസംഗത്തിന് പ്രസക്തിയും സാംഗത്യവും ഏറുന്നത്.

സമഗ്രാധികാരത്തിലൂടെ തിരുവിതാംകൂറിനെ സർ സി പി രാമസ്വാമി അയ്യർ അടക്കി ഭരിച്ച ഘട്ടത്തിൽ 'സർ സി പി എന്ന ജന്തുവിനെ നമുക്കാവശ്യമില്ല' എന്ന് പ്രഖ്യാപിക്കാനുള്ള ധൈര്യം കാട്ടിയ പ്രസംഗമാണ് 1935 മെയ് 11ന് സി കേശവൻ നടത്തിയത്. തൊട്ടുപിന്നാലെയുണ്ടാവുക അറസ്റ്റും തുറുങ്കിലടയ്ക്കലുമെക്കെയാകുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് നാടിന്റെയും ജനങ്ങളുടെയും താൽപ്പര്യങ്ങൾ മുൻനിർത്തി സി കേശവൻ അന്ന് ആ പ്രസംഗം നടത്തിയത്. തുടർന്ന് അറസ്റ്റും ജീവപര്യന്തം ജയിൽശിക്ഷയും ഒക്കെ അദ്ദേഹത്തിന് നേർക്കെത്തി.

ഈഴവ സമുദായത്തിൽപ്പെട്ടവർക്കും മറ്റും മനുഷ്യോചിതമായി ജീവിക്കാനുള്ള സാമൂഹ്യാവസ്ഥാ സൃഷ്ടിച്ചെടുക്കുക എന്ന ഉൽക്കൃഷ്ട ലക്ഷ്യം മുൻനിർത്തിയുള്ളതായിരുന്നു പ്രസംഗം. അധികാരികൾ ശിക്ഷിച്ചെങ്കിലും കാലവും ചരിത്രവും ശരിവച്ചത് ആ പ്രസംഗത്തെയാണ് എന്ന സത്യത്തെ മെയ് 11 നമ്മുടെ സ്മൃതിപഥത്തിലേക്ക് കൊണ്ടു വരുന്നു.

നമ്മുടെ നാടിന്റെ സാമൂഹ്യ രാഷ്ട്രീയ വികസന പ്രക്രിയക്ക് പുരോഗമനാത്മകമായ കുതിപ്പ് പകർന്നതിലൂടെ ചരിത്രപ്രധാനമായ സംഭവവികാസമായി അടയാളപ്പെടുത്തപ്പെട്ട പ്രസംഗങ്ങൾ നമുക്ക് അപൂർവമായേ ഉള്ളു. അത്യപൂർവമായ അത്തരം പ്രസംഗങ്ങളുടെ ഒന്നാം നിരയിൽ തലയെടുപ്പോടെ നിൽക്കുന്നു സി കേശവന്റെ കോഴഞ്ചേരി പ്രസംഗം. ആ പ്രസംഗം നമ്മുടെ സാമുദായിക നവോത്ഥാന പ്രക്രിയയെ, രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ശ്രമങ്ങളെ സാമൂഹ്യ തുല്യതയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങളെ ഒക്കെ പുതിയ ഊർജം പകർന്ന് മുന്നോട്ടു കൊണ്ടുപോയി

തിരുവിതാംകൂർ ജനതയാകെ ഭയാശങ്കകളോടെ നോക്കിക്കണ്ടിരുന്ന സർ സി പിയുടെ കിരാതവാഴ്ചയെ നേർക്കുനേർനിന്ന് പരസ്യമായി വെല്ലുവിളിച്ചതിലെ ധൈര്യം കൊണ്ട് ശ്രദ്ധേയമായ പ്രസംഗമായിരുന്നു അത്.

അതേസമയം, ആ പ്രസംഗം, സമൂഹത്തിലെ അധഃസ്ഥിതരെന്ന് മുദ്രയടിക്കപ്പെട്ടവരുടെ അവകാശങ്ങൾ വിളംബരം ചെയ്യുന്നതും അത് നേടിയെടുക്കുന്നതിനുള്ള പോരാട്ടത്തിൽ വിട്ടുവീഴ്ചയില്ല എന്ന് പ്രഖ്യാപിക്കുന്നതും കൂടിയായിരുന്നു. അതുകൊണ്ടു തന്നെയാണ് ടി എം വർഗീസ്, നാൽപ്പത് ലക്ഷത്തോളം തിരുവിതാംകൂറുകാരുടെ കിരീടം വയ്ക്കാത്ത രാജാവ് എന്ന് സി കേശവനെ വിശേഷിപ്പിച്ചത്.

വസ്തുകരം വോട്ടവകാശത്തിന് മാനദണ്ഡമാക്കിയ 1932ലെ പരിഷ്കാര വിളംബരത്തിനുശേഷവും ഭൂമി കൈവശമുണ്ടായിരുന്ന ക്രിസ്ത്യാനിക്കും ഈഴവനും മുസ്ലിമിനും വോട്ടകവാശം ലഭിച്ചിരുന്നില്ല. കാരണം അവർ കരം ഒടുക്കേണ്ടിയിരുന്നത് പഴയ ജന്മിമാരുടെ പേരിലായിരുന്നു. ഇതിലെ അനീതിക്കെതിരായ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിലായിരുന്നു കോഴഞ്ചേരി പ്രസംഗം.

നിവേദനങ്ങളും പ്രാർഥനകളും അഭ്യർഥനകളുമായി കഴിഞ്ഞുകൂടിയിരുന്ന സമുദായങ്ങളെ പ്രത്യക്ഷ സമരങ്ങളുടെ പരമ്പരയിലേക്ക് നയിക്കാൻ ആ പ്രസംഗം ഉപയുക്തമായി.

വളരെ സൂക്ഷ്മമായി പരിശോധിച്ചാൽ ശ്രീനാരായണഗുരുവിന്റെ മുതൽ കാൾമാർക്സിന്റെ വരെ സന്ദേശം സി കേശവനെ പ്രചോദിപ്പിരുന്നതായി കാണാം. ഫ്രഞ്ച് വിപ്ലവം മുതൽ ഒക്ടോബർ വിപ്ലവംവരെ അദ്ദേഹത്തെ ആവേശഭരിതനാക്കിയിരുന്നുവെന്നുകാണാം. അയർലൻഡിലെ സ്വാതന്ത്ര്യസമരം മുതൽ ഇന്ത്യൻ സ്വാതന്ത്ര്യസമരം വരെ അദ്ദേഹത്തെ ആശയപരമായി ഊർജസ്വലനാക്കിയിരുന്നുവെന്നുകാണാം.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും എല്ലാ നല്ലതിനുവേണ്ടിയും തുറന്നുവച്ച ജാലകങ്ങളോടുകൂടിയ മനസ്സിന്റെ ഉടമയായിരുന്നു സി കേശവൻ. അതിന്റെയാകെ അനുരണനങ്ങൾ കോഴഞ്ചേരി പ്രസംഗത്തിൽ നമുക്ക് കണ്ടെത്താനാവും. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്നു വിശേഷിപ്പിച്ച ഈ നാടിനെ നാമിന്നു കാണുന്ന ആധുനിക കേരളമാക്കി പരിവർത്തിപ്പിച്ചെടുക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ച സംഭവവികാസങ്ങളും വ്യക്തികളുമുണ്ട്. ആ സംഭവങ്ങളുടെ നിരയിലാണ് കോഴഞ്ചേരി

പ്രസംഗത്തിന്റെ സ്ഥാനം. അത്തരം മഹത്വ്യക്തികളുടെ നിരയിലാണ് സി കേശവന്റെ സ്ഥാനം.

പിറക്കാൻ പോകുന്ന ഐക്യകേരളം സവർണ്ണരുടെ മേൽക്കോയ്മയിലുള്ളതാവരുതെന്നും സാമുദായികമായ ഉച്ചനീചത്വങ്ങളില്ലാത്ത ഒന്നാവണമെന്നുമുള്ള ചിന്തയുടെ തീപ്പൊരികൾ ആ പ്രസംഗത്തിലുണ്ട്.

ഈഴവ-മുസ്ലിം-ക്രൈസ്തവ ഐക്യനിര സാമുദായികമായ വിവേചനത്തിനെതിരായി ശബ്ദമുയർത്താനാണെന്നും അത് നായർക്കെതിരായുള്ളതല്ല എന്നുമുള്ള സമുദായ സൗഹാർദത്തിന്റെ തിളക്കം കോഴഞ്ചേരി പ്രസംഗത്തിന്റെ വരികൾക്കിടയിലുണ്ട്.

ജാതിയുടെ അടിസ്ഥാനത്തിൽ ചില കൂട്ടരെ സർക്കാർ നിയമനങ്ങളിൽ നിന്നു നീക്കി നിർത്തുമ്പോൾ അതിന് ന്യായീകരണമായി അധികൃതർ പറഞ്ഞിരുന്ന 'കാര്യക്ഷമതാവാദ'ത്തിന്റെ കള്ളിപൊളിക്കുന്ന മൂർച്ചയുള്ള വാദമുഖങ്ങൾ ആ പ്രസംഗത്തിലുണ്ട്.

പ്രായപൂർത്തിവോട്ടവകാശം നടപ്പാക്കാതെ വസ്തുകരത്തിന്റെ അടിസ്ഥാനത്തിൽ വോട്ടവകാശം നിലനിർത്തിയാൽ ഉത്തരവാദിത്തഭരണം സാർത്ഥകമാകില്ല എന്ന ബോധത്തിന്റെ വെളിച്ചം നമ്പിയുടെ ചണ്ഡാളശാസ്ത്രവാദത്തിനെതിരായ പ്രതിഷേധത്തിന്റെ കനലുകൾ ആ പ്രസംഗത്തിലുണ്ട്.

ചുരുക്കത്തിൽ സാമുദായിക വിവേചനങ്ങൾ ഭരണതലത്തിലെ അതിന്റെ നീതിരഹിതമായ പ്രതിഫലനങ്ങൾ, സർ സിപിയുടെ സവർണപക്ഷപാതിത്വത്തിനെതിരായ പ്രത്യക്ഷപ്രതിഷേധം ഈഴവ-ക്രൈസ്തവ-മുസ്ലീം ജനവിഭാഗങ്ങൾക്ക് എല്ലാ സാമൂഹ്യരംഗങ്ങളിലും ലഭിക്കേണ്ട പരിഗണനയുടെ ആവശ്യകത, പ്രായപൂർത്തി വോട്ടവകാശത്തിന്റെയും ഉത്തരവാദഭരണത്തിന്റെയും മേന്മ തുടങ്ങിയവയൊക്കെ ആ പ്രസംഗത്തിലുടനീളം മുഴങ്ങി നിൽക്കുന്നുണ്ട്.

രാജാധികാരത്തെ ജനാധികാരംകൊണ്ടു പകരം വയ്ക്കുന്നതിനുള്ള സമരകാഹളകത്തിന്റെ വിളംബരമായിരുന്നു സി കേശവന്റെ കോഴഞ്ചേരി പ്രസംഗം എന്നർഥം.

ഒരു പ്രത്യേക സമുദായത്തിന് പ്രത്യേകമായ പരിഗണന നൽകാൻ അവരുടെ പേരിൽ ഒരു സൈന്യം രൂപവൽക്കരിച്ചതിനും ഈഴവ-ക്രൈസ്തവ-മുസ്ലിം സമുദായങ്ങൾക്ക് സർക്കാർ ഉദ്യോഗംപോലും നിഷേധിച്ചതിനുമൊക്കെ എതിരായ പ്രതിഷേധത്തിന്റെ മുഴക്കമുണ്ടായിരുന്നു കോഴഞ്ചേരി പ്രസംഗത്തിന്. പ്രായപൂർത്തി വോട്ടവകാശത്തിനും ഉത്തരവാദഭരണത്തിനും വേണ്ടിയുള്ള മുറവിളിയുടെ ഇരമ്പം കോഴഞ്ചേരി പ്രസംഗത്തിൽ നിറഞ്ഞു.

പ്രവേശനത്തിൽ ജാതിവേർതിരിവില്ലാത്ത വിദ്യാലയങ്ങൾ, സാമുദായിക വിവേചനമില്ലാത്ത സർക്കാർ നിയമനങ്ങൾ, സമത്വദർശനത്തിലേക്ക് നയിക്കുന്ന തരത്തിലുള്ള പൗരസ്വാതന്ത്ര്യങ്ങൾ എന്നിവയ്ക്കുവേണ്ടിയുള്ള ആവശ്യങ്ങൾ ആ പ്രസംഗത്തെ രാഷ്ട്രീയമായ ഉള്ളടക്കത്തോടുകൂടിയതാക്കി.

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ നമുക്ക് ഒരു കാര്യം ബോധ്യപ്പെടും. സർ സി പിയോ സർ ഹബീബുള്ളയോ പുന്നശ്ശേരി നമ്പിയോ വരച്ചവരയിലൂടെയല്ല, മറിച്ച് അവ

രുടെ നിലപാടുകളെയാകെ വെല്ലുവിളിക്കാൻ ധീരത കാട്ടിയ സി കേശവൻ വരച്ച വരകളിലൂടെയാണ് കേരളം പിന്നീട് മുന്നേറിയത് എന്നതാണ് ആ കാര്യം.

ഒരു സന്ധ്യയിലാണ് സി കേശവൻ ചരിത്ര പ്രസിദ്ധമായ കോഴഞ്ചേരി പ്രസംഗം നടത്തിയത്. 'അന്ധകാരമയമായ' ഈ സമയത്ത് എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്. അത് അന്നത്തെ സന്ധ്യയെ മാത്രമല്ല ആ കാലത്തെയാകെ സൂചിപ്പിക്കുന്ന വാക്കായിരുന്നു. രാജഭരണത്തിന്റെ സ്വേച്ഛാധികാരപ്രവണതയുടെ അന്ധകാരം. ജാതീയമായ ഉച്ചനീചത്വത്തിന്റെ അന്ധകാരം, മനുഷ്യാവകാശങ്ങൾപോലും നിഷേധിക്കുന്ന ജീർണസാമൂഹ്യസ്ഥിതിയുടെ അന്ധകാരം. ഒറ്റ വാക്കുകൊണ്ട് താൻ ജീവിക്കുന്ന കാലത്തിന്റെ സവിശേഷമായ പൊതുചിത്രം വരച്ചു കാട്ടുകയായിരുന്നു സി.കേശവൻ കോഴഞ്ചേരി പ്രസംഗത്തിൽ ചെയ്തത്.

സൗമ്യമായി തുടങ്ങിയ ആ പ്രസംഗം കത്തിജ്വലിച്ച് സമാപിച്ചത് സർ സിപിയെ 'ജന്തു' എന്നുവിളിച്ചുകൊണ്ടാണ്. ആ ജന്തുവിനെ നമുക്ക് ആവശ്യമില്ല എന്ന് സി കേശവൻ പ്രഖ്യാപിച്ചു. ഈ വിദ്വാൻ ഇവിടെ വന്നതിൽപ്പിന്നെയാണ് തിരുവിതാംകൂർ രാജ്യത്തെപ്പറ്റി ഇത്ര ചീത്തയായ പേര് പുറത്തുവന്നത് എന്നും ഈ മനുഷ്യൻ പോയെങ്കിലല്ലാതെ രാജ്യം ഗുണംപിടിക്കുകയില്ല എന്നും സി കേശവൻ ധീരമായി പ്രഖ്യാപിച്ചു. പിൽക്കാലത്ത് വെട്ടേറ്റ് സർ സി പി രാജ്യം വിടുകയും ആ വഴിതന്നെ നാട് രക്ഷപ്പെടുകയും ചെയ്തപ്പോൾ സി കേശവന്റെ വാക്കുകൾ ദീർഘദർശിത്വമുള്ളതെന്നു തെളിയുകകൂടിയായിരുന്നു.

തന്റെ ചോറ്റുപട്ടാളത്തെക്കൊണ്ട് നാടാകെ വിറപ്പിച്ച സിപി വാണിരുന്ന കാലത്ത് സിപിയെ ജന്തു എന്നുവിളിക്കാൻ അത്യപൂർവമായ ധൈര്യം വേണം. ധൈര്യംമാത്രം പോരാ; സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും കുറിച്ചുള്ള ഉയർന്ന രാഷ്ട്രീയ ബോധവും വേണം.

ആ രാഷ്ട്രീയബോധം സി കേശവനിൽ അങ്കുരിപ്പിച്ചത് സാർവദേശീയതലത്തിൽ അന്ന് ഉണ്ടായി വന്ന രാഷ്ട്രീയമാറ്റങ്ങളാണ് എന്നു കാണാൻ വിഷമമില്ല. 1917ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ അന്താരാഷ്ട്രരംഗത്ത് പ്രചരിച്ചുനിന്ന സമത്വത്തിന്റെയും സമാധാനത്തിന്റെയും രാഷ്ട്രീയസന്ദേശങ്ങൾ സി കേശവനിൽ പുത്തൻരാഷ്ട്രീയബോധത്തിന്റെ ഉണർവുപകർന്നിട്ടുണ്ടാവുമെന്ന് തീർച്ച. അല്ലെങ്കിൽ, മറ്റൊരു സന്ദർഭത്തിൽ അദ്ദേഹം കാൾമാർക്സിനെ 'ഭഗവാൻ മാർക്സ്' എന്നു വിശേഷിപ്പിക്കുമായിരുന്നില്ലല്ലോ.

വക്കം പ്രസംഗത്തിലാണ് സി കേശവൻ ഭഗവാൻ കാൾമാർക്സ് എന്നു പറഞ്ഞത്. ചേർത്തലയിലെ ജന്മിമാരുടെ കുടിയിറക്കിനെതിരായ സമരത്തിന്റെ പശ്ചാത്തലത്തിലായിരുന്നു അത്. 'ഈ പരിതസ്ഥിതിയിൽ ഭഗവാൻ കാറൽമാർക്സിന്റെ സന്ദേശം മാത്രമേ തൊഴിലാളികൾക്ക് ആശയുടെ നേരിയ ഒരു കതിരുനൽകിയുള്ളൂ. തൊഴിലാളികളേ, സംഘടിക്കുവിൻ നിങ്ങൾക്ക് നിങ്ങളുടെ കാൽച്ചങ്ങലകൾ മാത്രമേ നഷ്ടപ്പെടുവാനുള്ളൂ. ജയിച്ചാൽ ലോകം മുഴുവൻ. ആ സന്ദേശം അവരെ ആവേശഭരിതരാക്കി; ആവേശം കൊള്ളിച്ചു. അതിൽ യാതൊരു അപകടവുമില്ല" ഇതായിരുന്നു സി കേശവന്റെ അന്നത്തെ വാക്കുകൾ.

ചേർത്തലയിലെ തൊഴിലാളികളെക്കുറിച്ച് താൻ അഭിമാനം കൊള്ളുന്നുവെന്നുപറഞ്ഞ സി കേശവൻ 'ഇൻക്വിലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടാണ് അന്ന് പ്രസംഗം ഉപസംഹരിച്ചത്.

കോഴഞ്ചേരി പ്രസംഗത്തിന്റെ 75-ാം വാർഷികം, ആ പ്രസംഗം കേരളത്തെ രാഷ്ട്രീയ നവോത്ഥാനത്തിലേക്ക് വേഗത്തിലാനയിക്കുന്നതിൽ എത്ര വലിയ പങ്കുവഹിച്ചുവെന്ന കാര്യം പഠിച്ചുകൊണ്ടുവേണം നാം ആഘോഷിക്കേണ്ടത്.

പൈതൃകപഠനത്തിന്റെ പ്രസക്തി

രമണി.ടി.എൻ

എച്ച്.എസ്.എസ്.ടി. ഗവ.ഹയർസെക്കണ്ടറിസ്ക്കൂൾ
പെരുവള്ളൂർ, മലപ്പുറം ജില്ല

ഇന്ത്യയെപ്പോലെയുള്ള ബഹുസ്വരസംസ്കാരത്തിൽ പൈതൃക പഠനം വളരെയേറെ ഗൗരവം അർഹിക്കുന്നു. കലകളും സാഹിത്യവുമാണ് പൊതുവെ സംസ്കാരമായി കരുതപ്പെടുന്നത് എന്നാൽ ഇതിൽ നിന്നെല്ലാം വിഭിന്നമായി ഏതുനാടിന്റെയും ജീവിതരീതി രൂപപ്പെടുന്നത് അവിടുത്തെ ഭൂപ്രകൃതി, കാലാവസ്ഥ അതിനനുസരിച്ച് മനുഷ്യജീവിതം സാദ്ധ്യമാക്കുന്ന തൊഴിലുകളുടെയും, പ്രവർത്തികളുടെയും അടിസ്ഥാനത്തിലാവും. പൈതൃകപഠനം വെറും ഭൂപ്രകൃതിയേയോ, സാഹിത്യത്തെയോ മാത്രം പറ്റിയുള്ള പഠനമല്ല. മറിച്ച് വിജ്ഞാനത്തെ ഓരോ പഠന വിഭാഗമാക്കി കീറിമുറിക്കാതെ പ്രകൃതിയേയും, മനുഷ്യവംശത്തേയും മുഴുവനായി ഉൾക്കൊണ്ടുകൊണ്ട് സമസ്ത മേഖലകളിലേക്കും വെളിച്ചം വീശുന്ന ഒരു സംരഭമാണ്. അതുകൊണ്ട് പൈതൃകസംരക്ഷണം ഒരു സമൂഹം ഗൗരവമായി ഏറ്റെടുക്കേണ്ട സാംസ്കാരിക പ്രവർത്തനമാണ്.

'നാനാത്വത്തിൽ ഏകത്വം' എന്ന വലിയ കാഴ്ചപ്പാടിൽ ജീവിക്കുന്ന നമുക്ക് ഇന്ത്യുടെ വൈവിധ്യപൂർണ്ണമായ കല, സാഹിത്യം, വിനോദം, ഭക്ഷണരീതി, വസ്ത്രരീതി, കൃഷിഉപകരണങ്ങൾ, ശാസത്രീയകൃഷിരീതികൾ, കരകൗശല തൊഴിലുകൾ, കുടിൽ വ്യവസായങ്ങൾ, പ്രകൃതിവിഭവങ്ങൾ, ഭാഷ, ആചാരം, ആഘോഷം, കായിക മൽസരങ്ങൾ, ജീവിതരീതി, മതം ഇങ്ങിനെ എണ്ണിയാലൊടുങ്ങാത്ത മേഖലകളെപ്പറ്റി മനസ്സിലാക്കുമ്പോൾ തന്നെ അതിന്റെ വ്യാപ്തി നമുക്ക് മനസ്സിലാകും. ഈ പ്രത്യേകതകൾ എല്ലാം തന്നെ ഓരോ ദേശത്തിനുമുണ്ട്. ഈ പ്രത്യേകതകളെല്ലാം തന്നെ നമ്മെ അത്ഭുതപ്പെടുത്തും. ഇങ്ങിനെ ദേശത്തിനപ്പുറം രാജ്യത്തിലേക്കും അവിടെ നിന്ന് ലോക സംസ്ക്കാരങ്ങളും പഠനവിധേയമാക്കുമ്പോൾ എല്ലാ രാജ്യ

ങ്ങളിലുമുള്ള സംസ്ക്കാരങ്ങൾക്കും പരസ്പരബന്ധമുണ്ടെന്നുള്ള തിരിച്ചറിവും നമ്മെ ആഹ്ലാദിപ്പിക്കും.

പ്രാചീന സംസ്കൃത സാഹിത്യത്തെക്കുറിച്ചും, ഇന്ത്യയിലെ വിവിധ വിജ്ഞാനശാഖകളെക്കുറിച്ചും നവീന രീതിയിൽ പഠിക്കാൻ ആസൂത്രിതമായ പരിശ്രമം ആരംഭിച്ചത് Asiatic Society സ്ഥാപിച്ചതോടെയാണ്. സഹസ്രാബ്ദങ്ങളായി അനസ്യൂതമായ ഒരു സംസ്കാരം കാത്ത് സൂക്ഷിച്ചു പോരുന്ന ഭാരതത്തിന്റെ പൈതൃകത്തെപ്പറ്റിപഠിക്കാൻ പാശ്ചാത്യരും, പൗരസ്ത്യരും ശ്രമിച്ചിട്ടുണ്ട്. പ്രാചീനഭാരതം അറിവിന്റെ അനർഘമായ കലവറയാണെന്ന് കണ്ടറിഞ്ഞ പാശ്ചാത്യ പണ്ഡിതൻമാരാണ് 'ഇൻഡോളജി' എന്ന പഠനമേഖല തുറന്നത്. ലോകമെമ്പാടുമുള്ള ആളുകൾ ഭാരതീയ പൈതൃകത്തിന്റെ മഹത്വം അംഗീകരിക്കാൻ തുടങ്ങിയിരിക്കുന്നു. പക്ഷെ പൈതൃകസംരക്ഷണത്തിൽ നമ്മുടെ രാജ്യം വേണ്ടത്ര ശ്രദ്ധ കേന്ദ്രീകരിച്ചില്ല എന്ന് നാം മനസ്സിലാക്കുന്നത് ഭാരതീയ വിജ്ഞാനങ്ങൾ പലതും വിദേശങ്ങളിൽ 'പേറ്റന്റ്' ചെയ്യപ്പെടുമ്പോഴാണ്. കൂടാതെ സഹസ്രാബ്ദകണക്കിന് താളിയോലഗ്രന്ഥങ്ങളും, അവയുടെ തർജ്ജമകളുംഇന്ത്യയിലുള്ളതിനേക്കാൾ കൂടുതൽ വിദേശരാജ്യങ്ങളിലുണ്ട്. അതിൽ കുറച്ച് ഉദാഹരണങ്ങളാണ്-

ചിക്കാഗോവയിലെ നാഷണൽ മ്യൂസിയം ലൈബ്രറി
ജർമ്മനി - ബർലിൻ- സാൻസ്ക്രിറ്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി ഓഫ് വെബർ
ബ്രട്ടീഷ് മ്യൂസിയം - സാൻസ്ക്രിറ്റ് കാറ്റലോഗ് ലൈബ്രറി
സാൻസ്ക്രിറ്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി - ക്ബാറ്റൺ-പാരീസ്
അമേരിക്കൻ ഓറിയന്റൽ ലൈബ്രറി, ന്യൂഹാവൻ കണക്ടിക്കട്ട്
ഫ്ളോറന്റൈൻ സാൻസ്ക്രിറ്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി ലീപ്സീഗ്
ലൈബ്രറി ഓഫ് ഇന്ത്യ ഓഫീസ് എ.ബി.കീത്ത്, ലണ്ടൻ.

ലീപ്സീഗിലെ യൂണിവേഴ്സിറ്റി ഓഫ് ലീപ്സിഗ് കളക്ഷൻസിലും, കേംബ്രിഡ്ജിലെ ട്രിനിറ്റ് കോളേജ് ലൈബ്രറികളിലും 400 മുതൽ 600 വർഷങ്ങൾക്കു മുമ്പ് പകർത്തിയ സംസ്കൃത ഗ്രന്ഥങ്ങളുടെ പ്രതികളുണ്ട്. ലണ്ടനിലെ ലൈബ്രറി ഓഫ് ഇന്ത്യാ ഓഫീസിലെ ലൈബ്രറി 500-600 വർഷങ്ങൾക്കു മുമ്പുള്ള ഹസ്തലിഖിത രേഖകളുടെ ഭണ്ഡാരമാണ്.

ഇന്ത്യയിൽ കോടിക്കണക്കിന് ജനങ്ങളുടെ മുന്നിൽനിന്ന് അനുദിനം നൂറുകണക്കിന് ചരിത്രസ്മാരകങ്ങൾ അപ്രത്യക്ഷമാകുന്നത് ഒരു തുടർ സംഭവമാകുന്നു. അടുത്തകാലത്ത് സാംസ്കാരിക മന്ത്രാലയത്തിന്റെ പ്രസ്താവനയിൽ 34ചരിത്ര പ്രധാനാന്യമുള്ള സ്മാരകങ്ങൾ അപ്രത്യക്ഷമായത്രെ! അതിൽ 12 എണ്ണം ഡൽഹിയിൽ നിന്നാണ് (Moti gate, Phool Chadar, Mubarakabad, Barakhambha and Alipur Cemetery, Joga Bai Mound, Sharasi Tallab, Mehrauli and Nicholson, Statue) 12 എണ്ണം ഡ്ജ യിൽ നിന്നും മറ്റുള്ളവ ജമ്മുകാശ്മീർ, കർണ്ണാടക, ഗുജറാത്ത്, രാജസ്ഥാൻ, ഹരിയാന എന്നിവടങ്ങളിൽനിന്നുമാണ്. ഇതിനെത്തുടർന്ന് സാംസ്കാരിക മന്ത്രാലയം 10,000 ആളുകളെ 3675 പൈതൃക സ്ഥലങ്ങൾ സംരക്ഷിക്കാനായി നിയമിച്ചെങ്കിലും അതിനുശേഷം ഏറ്റവും വിലപിടിപ്പുള്ള വിഗ്രഹങ്ങളും, വസ്തുക്കളും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നുണ്ട്. ബസോളി (Basohli)യിലെ പുരാതന ഗുഹകാക്ഷേത്രം നശിച്ചുപോയതും സങ്കടകരമായ ഒരു വസ്തുതയാണ്. ഇതിനെല്ലാം നമ്മൾ മാത്യ

കയായി എടുക്കേണ്ടത് ലണ്ടനെയാണ്. അഞ്ചുലക്ഷത്തോളം സംരക്ഷിത ചരിത്ര സ്മാരകങ്ങളുണ്ട് എന്നാണ് അവർ അവകാശപ്പെടുന്നത്. ഇതെല്ലാംതന്നെ അനേകായിരങ്ങളുടെ ശ്രദ്ധയാകർഷിക്കുന്ന സ്ഥലങ്ങളാണുതാനും. എന്നാൽ ഇന്ത്യയിൽ തന്നെ ചരിത്രസ്മാരകങ്ങൾ അതിന്റെ പ്രാധാന്യത്തോടെയും, ഗൗരവത്തോടെയും സംരക്ഷിക്കുന്ന സ്ഥലങ്ങളും നമുക്ക് കാണാൻ പറ്റും.

ഇന്ത്യയിൽ 8000 ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ മാത്രമെ സംരക്ഷിക്കാൻ ഗവൺമെന്റിനു സാധിക്കുന്നുള്ളൂ കാരണം ഇത് വലിയ സാമ്പത്തിക ഭാരം വരുത്തി വെക്കുന്നു. എന്നാൽ അമേരിക്കയിൽ 70,000 സ്ഥലങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ നിന്ന് വിഭിന്നമായി അവിടെ സ്വകാര്യ വ്യക്തികൾ വളരെ ശ്രദ്ധയോടുകൂടി അത് സംരക്ഷിക്കുന്നു. പൈതൃകസംരക്ഷണം വെറും സർക്കാരിന്റെ ബാധ്യതയാകാതെ നമ്മൾ ബോധവൽക്കരണത്തിലൂടെ ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്താൻ വേണ്ട നടപടിൾ കൈക്കൊള്ളണം. നമ്മുടെ രാജ്യത്താകട്ടെ ഏറെ സംരക്ഷിക്കേണ്ട പ്രദേശങ്ങളിലെല്ലാം തന്നെ തുപ്പുക, കോറിയിടുക, എന്തെങ്കിലും എഴുതിവെയ്ക്കുക, മാലിന്യങ്ങൾ നിക്ഷേപിക്കുക എന്നീ ദ്രോഹപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയാണ് നാം കാണുന്നത്. ഇവരെ ബോധവൽക്കരണത്തിലൂടെ അതിന്റെ മൂല്യം ഉൾക്കൊള്ളുന്നവരാക്കാൻ ഹെറിറ്റേജ് ക്ലബ്ബിലൂടെ നമുക്ക് കഴിയണം. ജനങ്ങളുടെ അനുകൂല മനോഭാവത്തിലൂടെ മാത്രമെ നാം ഇക്കാര്യത്തിൽ വിജയിക്കുകയുള്ളൂ.

ഇനിയെങ്കിലും നമ്മുടെ ദേശത്തിന്റെ സംഭാവനകൾ ഭാവി തലമുറക്ക് വേണ്ടി കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത നമ്മുടെ തലമുറയേയും, ഭാവിതലമുറയേയും ബോധവൽക്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്ന എന്നു മനസ്സിലാക്കാം. നമ്മൾ ഈ പഠനമേഖലയിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ ആരും തന്നെ ഇക്കാര്യത്തിൽ ബോധാവാന്മാരല്ല എന്ന സത്യം നമ്മെ അലോസരപ്പെടുത്തും.

വിലമതിക്കനാകാത്ത ചരിത്രമൂല്യമുള്ള വസ്തുക്കൾ കളവു ചെയ്യപ്പെടുകയോ അല്ലെങ്കിൽ തുറന്നസ്ഥലങ്ങളിൽ വെറും കച്ചവടച്ചരക്കായി വിൽപ്പനയ്ക്കെത്തുന്നത് ഇവിടെ വെറും സാധാരണ സംഭവമാണ്. നഗരവല്ക്കരണം വാണിജ്യ വൽക്കരണം നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തന്നെ നമ്മുടെ സംജാതമാകുന്നിണ്ടിവിടെ. പക്ഷെ ഇതിൽ ആർക്കും വേദന തോന്നുന്നില്ല എന്നത് പൈതൃകകേന്ദ്രങ്ങൾക്ക് ഭീഷണിയാകുന്ന അവസ്ഥ നമ്മളെ അസ്വസ്ഥരാക്കുന്നു.

എന്നാൽ നിയമങ്ങൾ അനവധി ഉണ്ടുതാനും എല്ലാ നിയമങ്ങളും അടിവരയിട്ടു പറയുന്നതാണ് ഓരോ പൗരന്റെയും കടമയാണ് പൈതൃകസമ്പത്ത് സംരക്ഷിക്കുക എന്ന് eg. 17[th] Nov 2007 ലെ നിയമം ബാക്കി പ്രധാനപ്പെട്ട നിയമങ്ങൾ ഇവയാണ്.

The Indian Treasure Trove Act 1878
The Ancient Monument Preservation Act 1904
The Antiquities (Export Control Act) 1947.
The Ancient Monument & Archeological Sites and Remains Act 1958
The Antiquities and Art Treasures Act 1972

ചില സമയങ്ങളിൽ ഈ നിയമങ്ങളെല്ലാം തന്നെ നിസ്സഹയരായ നോക്കുകുത്തികളാകുന്നു.

വിദ്യാലയങ്ങളിൽ ഹെറിറ്റേജ് ക്ലബ്ബിന്റെ പ്രാധാന്യം.

ഏറ്റെടുക്കാവുന്ന പ്രവർത്തികൾ.

ചരിത്രബോധവും, സാംസ്ക്കാരികമായ അവബോധവും സൂക്ഷിക്കാനുതകുന്ന രീതിയിൽ വിദ്യാലയങ്ങളിൽ ഹെറിറ്റേജ് ക്ലബ്ബുകൾ സ്ഥാപിക്കേണ്ടതുണ്ട്. ഒരു സമൂഹത്തിന്റെ ചരിത്രം, സംസ്ക്കാരം രേഖകൾ സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം, ചരിത്രനിർമ്മിതിയിൽ രേഖകൾക്കുള്ള അപ്രമാദിത്വം തുടങ്ങി പൈതൃകസമ്പത്തിനെയും അവയുടെ പ്രാധാന്യത്തെയും കുറിച്ചുള്ള ധാരണ പുതിയതലമുറക്ക് പകർന്നു നൽകാനും കുട്ടികളിൽ രാഷ്ട്രാഭിമുഖ്യവും തന്റെ പ്രദേശത്തിന്റെ സാംസ്കാരികത്തനിമയിൽ ഊറ്റം കൊള്ളാനുള്ള തിരിച്ചറിവും സമ്മാനിക്കാനുതകുന്ന രീതിയിൽ സ്കൂളുകളിൽ ഹെറിറ്റേജേ ക്ലബ്ബുകൾ രൂപീകരിക്കാൻ സംസ്ഥാന ആർക്കൈവസിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചു. പക്ഷെ ഖേദകരമെന്ന പറയട്ടെ സംസ്ഥാനസർക്കാർ, പുരാരേഖവകുപ്പ്, വിദ്യഭ്യാസസംസ്ക്കാരിക വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് വിദ്യാലയങ്ങളിൽ ഇതുവരെയും ഒരു ചലനം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. ഹെറിറ്റേജ് ക്ലബിന്റെ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയും, തനിമയും, കാർഷിക, കരകൗശല രംഗത്തുള്ള പെരുമയും കാത്തുസൂക്ഷിക്കാനും അതിൽ അഭിമാനം കൊള്ളാനും, ഭാവിതലമുറക്കുവേണ്ടി കാത്തുസൂക്ഷിക്കേണ്ട കടമതങ്ങളിലാണെന്നും ഉള്ള അറിവ് വിദ്യാർത്ഥികളിൽ മാത്രമല്ല ഓരോ പ്രദേശത്തേയും സാംസ്ക്കാരിക യുവജനസംഘടനകളേയും ബോധ്യപ്പെടുത്തേണ്ട ചുമതല ഹെറിറ്റേജ് ക്ലബ്ബിനുണ്ട്.

പ്രാദേശിക ചരിത്രരചനക്കുതകുന്ന രാഷ്ട്രീയ, സാംസ്ക്കാരിക ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ഗ്രന്ഥങ്ങൾ, നാണയങ്ങൾ, പത്രങ്ങൾ, ഓർമ്മക്കുറിപ്പുകൾ, താളിയോലകൾ എന്നിവ ശേഖരിക്കുക.

കേരളത്തിന്റെ ഗതകാല സ്മരണകളെ തൊട്ടുണർത്തുന്ന കാർഷികോപകരണങ്ങൾ, വീട്ടുപകരണങ്ങൾ എന്നിവ വിദ്യാലയത്തിൽ ശേഖരിച്ച് ഇനി വരുന്ന തലമുറക്ക് കൗതുകം പകരാനും, പഠനത്തിനും, ഗവേഷണത്തിനുമുള്ള സൗകര്യമൊരുക്കുക.

ഓരോ പ്രദേശത്തേയും തനതായ കരകൗശല വിദ്യ നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കുന്നതിനും അതിന്റെ പ്രാധാന്യം ഇന്നത്തെ തലമുറയെ പറഞ്ഞു മനസ്സിലാക്കുകയും, ആധുനിക ശാസ്ത്രത്തിന്റെ സഹായത്തോടു കൂടി അതിനെ പുനരുജ്ജീവിപ്പിക്കുകയും സമൂഹത്തിന് ഉപകാരപ്രദമാകുന്നരീതിയിൽ പരിപാലിക്കുക.

ഭാരതത്തിന്റെ 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം വിദ്യാർത്ഥികളുടെ മനസ്സിനെ ത്രസ്സിപ്പിക്കുന്നവിധത്തിൽ ഇന്ത്യയുടെ നാനാഭാഗങ്ങളിലുള്ള പൈതൃകസമ്പത്തിനേക്കുറിച്ച് പ്രദർശനം നടത്തുക. പ്രദർശന സൗകര്യമുള്ള മൊബൈൽ വാനുകൾ കുട്ടികളിൽ ആവേശം വളർത്തും.

ഹെറിറ്റേജ് ക്ലബിലെ അംഗങ്ങൾക്ക് ഭാരതത്തിലെ വൈവിധ്യങ്ങൾ നേരിട്ട് അനുഭവിച്ചറിയാൻ വിദ്യഭ്യാസവകുപ്പ് നേരിട്ട് മറ്റ് സംസ്ഥാനസർക്കാരുമായി യോജിച്ച് യാത്രാപരിപാടികൾ ആസൂത്രണം ചെയ്യുക. വിദ്യാർത്ഥികളിൽ ഒരു പുതിയദിശാ

ബോധവും, കാഴ്ചപ്പാട്ടും ഉണ്ടാകുന്നു. കൂടാതെ ഭാരതത്തിന്റെ പൈതൃകം എന്നു പറയുന്നത് മറ്റു സംസ്ക്കാരങ്ങളുടെ കൂടിച്ചേരലും കൂടിയാണെന്നു മനസ്സിലാക്കാനുള്ള ഒരു അസുലഭമുഹൂർത്തവും ലഭിക്കുന്നു.

ഓരോ വീടും അതിലെ താമസക്കാരും ഓരോ പൈതൃകത്തിന്റെ യും കണ്ണികളാണ്. പൈതൃകസംരക്ഷണം പ്രദേശങ്ങളിൽ നിന്ന് വീടുകളിലേക്ക് കടന്നുചെല്ലണം. അവനവന്റെ വീടുകളിൽ തന്റെ കാരണവൻമാരുടെ നല്ലസ്വഭാവ സവിശേഷതകൾ, പാചകനിപുണത,കരകൗശല വൈദഗധ്യം എന്നിവ ഈ അധുനീക പരിഷ്ക്കാരങ്ങളുടേയും, ആഗോളവൽക്കരണത്തിന്റെയും കാലഘട്ടത്തിൽ പുച്ഛിച്ചുതള്ളേണ്ടതല്ലെന്നും, കാത്തുസൂക്ഷിപ്പെടേണ്ടതും വരുന്ന തലമുറയ്ക്ക് അഭിമാനത്തോടെ ഒരു നിലനിൽപ്പുണ്ടെന്നും ഉള്ള ഒരു അടിത്തറ കെട്ടിപ്പെടുക്കാൻ സഹായിക്കുന്നു.

ഒരു വിദ്യാർത്ഥിക്ക് ഭാരത്തിനെക്കുറിച്ചുള്ള വിശാലമായ കാഴ്ചപ്പാട്ടും ഒരു വിശ്വപൗരനായി ഉയരാനും, എല്ലാ സംസ്ക്കാരങ്ങളും പരസ്പരം കടപെട്ടിരിക്കുന്നു എന്നുമുള്ള ഒരു വലിയ തത്വചിന്തയുടെ സന്ദേശവാഹകാരകാനും പരസ്പര ബഹുമാനത്തിനുമുള്ള വാതായനങ്ങൾ തുറക്കുന്നു.

പൈതൃക സമ്പത്തായിട്ടുള്ള സ്ഥലങ്ങൾ പൊതു ജനങ്ങൾ നശിപ്പിക്കാതെ കാത്തു സൂക്ഷിക്കുക. അതിന്റെ പ്രാധാന്യം വിശദീകരിച്ചു കൊണ്ട് ബോഡുകൾ സ്ഥാപിക്കു. ഗവൺമെന്റിന്റെയും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുക.

ആപ്രദേശത്തെ മുതിർന്ന പൗരൻമാരുടെകൂട്ടായ്മ സംഘടിപ്പിക്കുക അവരുടെ അറിവുകൾ സമാഹരിക്കുന്നതിന് പ്രമുഖ പങ്കുവഹിക്കുക.

ആ പ്രദേശത്തെ ഏതെങ്കിലും വ്യക്തി സാംസ്കാരിക, രാഷ്ട്രീയ സാമൂഹ്യ, വിദ്യഭ്യാസമണ്ഡലങ്ങളിൽ പ്രഭൽഭനാണെങ്കിൽ അദ്ദേഹത്തിന്റെ പ്രാഗൽഭ്യം ആ പ്രദേശത്തിന് ഗുണകരമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

ചരിത്രനിർമ്മിതിക്കും, ഭാവിതലമുറക്കും ഉപകാരപ്രദമാക്കുന്ന രേഖകൾ, വസ്തുക്കൾ, നാണയങ്ങൾ, പ്രമാണങ്ങൾ, സ്റ്റാമ്പുകൾ, ഉപകരണങ്ങൾ എന്നിവ പലവീടുകളിലും അനാഥമായി ചിതലരിച്ച് നശിച്ചു പൊയ്ക്കൊണ്ടിരിക്കുകയാണ്. ക്ലബ് അംഗങ്ങൾക്ക് ഇങ്ങിനെയുള്ള വീടുകൾ കണ്ടെത്തി വസ്തുകളുടെ പ്രാധാന്യംഅവരെ അറിയിക്കാനും, ആ രേഖകളുടെ ശാസ്ത്രീയസംരക്ഷണത്തിനായി ഗവ:സഹായം ഏർപ്പെടുത്തി കൊടുക്കുവാനും അതെല്ലങ്കിൽ അമൂല്യമായ രേഖകളാണെങ്കിൽ ആർക്കൈവ്സ് ഡിപ്പാർട്ടുമെന്റിന്റെ സഹായം ലഭ്യമാക്കുന്നതിനും ശ്രമിക്കുക.

ഇന്നും പൈതൃക സമ്പത്തുകൾ ഓരോ വീടിന്റെയും തട്ടിൻ പുറങ്ങളിൽ ആരോരുമില്ലാതെചിതലരിക്കുന്നത് ഓരോ ഗൃഹനാഥന്റെയും അസഹിഷ്ണതയുടെയും, അന്ധവിശ്വാസത്തിന്റെയും, കടുംപിടുത്തത്തിന്റയും ഫലമാണ്. അവരറിയുന്നില്ല ഇതിന്റെയെല്ലാം മൂല്യം. കൂടാതെ വരുന്ന തലമുറക്കുകൂടി ഉപകരിക്കുന്ന ആമൂല്യ സമ്പത്തുക്കളെയാണ് അവർ നിഷ്ക്കരുണം തകർക്കുന്നത്. പാലക്കാട് ജില്ലയിൽ മാത്രം 1302 വീടുകളിൽ പേപ്പറുകളും, പാംലീഫുകളും ഉണ്ട്. ഇതിൽ ഭാഗ്യമെന്നു പറയട്ടെ ഭൂരിഭാഗപേർക്കും അതിന്റെ പ്രാധാന്യംഅറിയാം. എന്നാൽ കാലം ചെല്ലുന്തോറും നശിക്കാതെ ശാസ്ത്രീയ സംരക്ഷണം കീടങ്ങളിൽ നിന്നും കിട്ടുന്നുണ്ടെന്ന് ഉറപ്പു

വരുത്താൻ സംസ്ഥാന വ്യാപകമായിത്തന്നെ നല്ലപ്രചരണ പരിപാടി സംഘടിപ്പിക്കുക.

നാഷണൽ ഹെറിറ്റേജ് കമ്മീഷൻ ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് അനുയോജ്യമായ നിർദ്ദേശങ്ങളടങ്ങിയ കരടുരേഖ അടുത്ത പാർലിമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കുന്നുണ്ട്.

നമ്മുടെ രാജ്യത്തിന്റെ വൈവിധ്യമായ നേട്ടങ്ങൾ എല്ലാവരും അറിയേണ്ടതും,പരിസ്ഥിതിക്ക് കോട്ടം തട്ടാതെ സംരക്ഷിക്കേണ്ടതും ഭാവി തലമുറക്ക് വേണ്ടി സൂക്ഷിച്ചുവെക്കേണ്ടതും നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. ഈ ബോധവൽക്കരണം വളരെ അടിയന്തിര ഗൗരവത്തോടെ കാണേണ്ടതാണ്. ഒരു സമൂഹത്തെ ഊർജ്ജസ്വലരാക്കേണ്ട കടമ അധ്യാപകരുടേതാണ്. അവർ അനേകായിരം ദീപങ്ങൾ പ്രകാശത്തോടുകൂടി മറ്റൊരു തലമുറക്ക് കൈമാറാനായി വിദ്യാർത്ഥികളെ സജ്ജരാക്കേണ്ടവരാണ്. പഠിച്ചും, പഠിപ്പിച്ചും, ഗവേഷണം നടത്തിയുമുള്ള അറിവുകൾ നമ്മുടെ ദേശത്തെ ചൈതന്യമുള്ളതാക്കാൻ നമുക്ക് ഹെറിറ്റേജ് ക്ലബ്ബിലൂടെ ശ്രമിക്കാം. അങ്ങിനെ പൈതൃക പഠനം പ്രസക്തിയുള്ളതാക്കാം.

UNESCO'S MEMORY OF THE WORLD PROGRAMME

Miriam Nisbet
Founder Director
Office of Government Information Services US Archives

The 'Memory of the World' (MOW) is the recorded collective legacy of the peoples of the world and represents a significant proportion of the world's heritage of human achievements since the dawn of time. While some of this is transmitted orally, in its recorded form it is more commonly known as 'documentary heritage'. But it is fragile, subject both to natural deterioration and man made disasters. UNESCO's MOW programme, launched in 1992, aims to (1) preserve such materials; (2) provide access through digitization, book publication, . etc.; and (3) raise global awareness of the significance of documentary heritage. This last is carried out principally through the identification of significant documentary heritage and listing it on a MOW register, whether International, Regional or National. Nominations for inscription can be made by any individual or body and an International Advisory organization. Committee meets every two years to decisions on entries in the register. In addition there is a structure of regional and national committees but this is incomplete and needs to be strengthened.

The Memory of the World is the recorded collective legacy of the peoples of the world. It is a significant proportion of the world's heritage of human achievements since the dawn of time. In some cases, this legacy is stored in human repositories and transmitted orally. In its recorded form, it is more commonly known as documentary heritage and is mainly stored in archives,

libraries and museums in electronic form or on traditional materials. But no matter how it is stored, this memory is fragile and will disappear in the long run.

This means that millions of textual and print items such as books, manuscripts, newspapers, photographs and governmental records; millions of films, audio and video tapes and discs, are at risk of crumbling into dust or fading away and disappearing for eternity! These documents are the memory of humanity - the memory of the World - and their loss would be an impoverishment of our global heritage.

In different regions of the world, threats to documentary heritage are varied, but the main causes of concern come from earth-quakes, floods, storms and fires. Heritage is affected by other factors such as chemical decay; vinegar syndrome affecting acetate film; bacterial and fungal infestations; colour fading; sound deterioration; sticky tape syndrome; demagnetization, among others - unfortunately, these are problems well known to this audience of archivists.

The worst losses often arise from human actions - deliberate acts or negligence. Theft and vandalism still plague libraries and archives even if protective measures are in place in most institutions. Conservative estimates are that more than 80% of the early films have been deliberately destroyed or have otherwise disappeared. Television has suffered losses due to deliberate erasing and reusing of tapes, whether for economic reasons or from ignorance of their value.

Through the ravages of war, countless collections have vanished forever through the burning and destruction of books and records. The same also occurs during religious and other purges where the ruling authority believes that destroying the past is a means of rewriting history and recreating memory. Untold acts of destruction - in the name of freedom; whether by revolutionaries or counter-revolutionaries, political, cultural or religious reformers and other persons - have resulted in the inexcusable and immeasurable loss of chapters of our history and heritage.

Faced with such a grim situation of potential loss of documentary legacy, UNESCO launched its Memory of the World Programme in 1992. It is designed as a global activity to protect and promote documentary heritage in all its forms by raising awareness of the problems associated with its preservation and by ensuring access. The main objectives of the Programme are threefold:

One is to preserve the world's documentary heritage. This is accomplished by providing practical assistance, advice and information, training of information professionals, and by obtaining sponsorship for projects.

The second objective is to promote universal access to documentary heritage. We do this through various means ranging from digitizing copies of items for distribution on the Internet and by other means, and publication and distribution of books, CDs, DVDs and other products, while respecting the rights of owners and custodians. Access also takes cultural sensitivities into consideration, including the right of indigenous communities to hold custodianship of their materials, and guardianship of access.

The third objective is to raise global awareness of the significance of documentary heritage. The major method is through the Memory of the World registers, media campaigns, and promotional literature.

The Programme has four main strategic activities: .

1. Identification of documentary heritage: This involves identifying any of thr registers sometimes canbe an empowering surprize! documentary heritage of world significance and listing it on a Memory of the World register. The key issue here is assessing its impact for the country concerned and determining whether its influence has been felt beyond national borders. Would the rest of the world benefit from access to its content? Is it endangered? Is it unique? Is it irreplaceable? Is it evocative of a period that influenced significant human developments? These are all factors that help to determine the full value of heritage elements.

There are three types of register: International, Regional and National. All registers contain material of world significance and an item may appear in one or more register. However, the three types of Memory of the World registers do not denote levels of importable but rather the geographic sphere of the influence of the heritage item concerned. The International Register lists documentary heritage that the IAC has judged as meeting established criteria concerning broad global significance.

2. Raising awareness: Priority is given to increasing global awareness of the significance of documentary heritage, and the need to preserve and provide access to it. Particular attention will be given to regions where documentary heritage is endangered or awareness is low. Different methods can include training and publicity; the distribution of information on preservation techniques; and cooperation with professional bodies and associations such as ICA.

3. Preservation: is the main focus of the Programme. Preservation projects relating to heritage already included in a Memory of the World register will be encouraged and, where possible, directly supported by the most

appropriate means. Inclusion of an item on a register does not create or imply any project funding entitlement, of course, and available resources may not match needs. However, listing can help the custodial institution to negotiate funding from interested partners.

4. **Permanent access:** It is the goal of the Programme. Everyone has the right of access to their documentary heritage, the right to know it exists, and where to find it. It is the responsibility of custodial institutions to ensure the continuance of this fundamental right.

How does the Programme work?

It is managed by a three-tiered structure operating at the international, regional and national levels. The Director-General of UNESCO appoints an International Advisory Committee (IAC) of 14 members in their personal capacity. The IAC normally meets every two years. It guides the planning and implementation of the Programme as a whole and makes recommendations concerning the inscription of nominations on the International Register, the award of the UNESCO/Jikji Prize for preservation, among other activities, as part of its mandate to ensure access to endangered documentary heritage.

The programme is also managed by regional and national entities. Regional committees have been established in Asia and the Pacific (MOWCAP) and in Latin America and the Caribbean (MOWLAC), which have established Regional Registers. In January 2008, a regional committee for Africa (ARCMOW) was created but has yet to become fully operational.

National Committees have been established in a number of countries but their operations in some cases are irregular. This is regrettable as it is at the national level that the major impact on governments and public opinion will occur. In this regard, national registers are especially important in highlighting items of outstanding value and attracting funding for conservation. As curators of the national heritage, archives can play a leading role in getting these committees operational, identifying items to be listed on the various Registers, and promoting the other work of the Programme.

Public impact and education are crucial factors in achieving this outcome, by making the general public aware of the vulnerability of the world's documentary heritage. The realisation too, that anyone - archivist, librarian, teacher, student, private individual - can actually initiate a nomination for any of the registers sometimes can be an empowering surprise!

Each session, as the Programme becomes better known, an increasing

number of countries are proposing items for inscription. I urge those of you that may be hesitating, to give some thought to submitting your own items for consideration.

I should stress two important points, one of which is that nominations cannot be 'open ended'; all proposals must relate to documents or groups of documents that are complete in themselves. Secondly, listing on the Register is not permanent. An item may be removed if it no longer meets the selection criteria on which its inscription was based or if new information, leading to a reassessment of the registration, proves the case for removal.

Currently there are 158 items from 67 different countries, one-international organization and one private foundation, and items range from films to rock inscriptions, from sound archives to photographs. Some are as recent as the 1986 Radio Broadcast of the Philippine People Power Revolution or as old as the Hittite cuneiform tablets from Turkey that date from the 2nd millennium B.C.E. But what they all have in common is that they represent the expression of human thought and creativity.

Yet, as important as the Registers are, they are not the Memory of the World Programme, and serve only to improve global consciousness about the need to protect a much larger documentary heritage really, all the archives of the world. The main core of the Programme is preservation and access. Although the Programme has achieved considerable status, there are issues that need to be further addressed to ensure that it encompasses all cultures. In this regard, the Third International Memory of the World Programme Conference held in Canberra, Australia, in February 2008 served to identify specific areas of cooperation among all Memory of the World programme stakeholders including archivists, librarians, historians, museum curators, at all levels of development. We believe that the recommendations will enable the Programme to expand and achieve its stated objectives, as the future can only be assured by radically altering the climate that has created the losses of the past.

ARCHIVES THROUGH THE AGES

Dr.B. Sobhanan
Former Professor & Head
Department of History, University of Kerala, Thiruvananthapuram

The term 'Archives' traces its origin from the Greek word 'archeion' which denotes 'a place in which public records or other historical documents are kept'. 'Archives is a repository of records which is entrusted with the custody, preservation and maintenance of records. It is an organized body of records, drawings, printed matters, manuscripts, maps, photographs and documentary materials preserved for the posterity because of their statistical and informational value. History being the record of the human past becomes authentic only when it is supported by reliable records which are kept preserved in the archives. The term 'record' originated from the Latin term 'recordari' which has originated from another Latin word 'cor' which means heart. As the heart forms the pivot of action, creative thinking, memory, etc. the term record denotes manuscripts, all scripts produced by mechanical devices. Records are the means by which public officials in a democracy are accountable to the people. They are the tools of administration, the memory of organization, the embodiment of experience, the protectors of legal rights and sources of many kinds of information.

The Archives furnish original information and primary data to the researchers, administrators, judges, public workers, services organizations, social activists, peace lovers, diplomats and the common people. They are in fact the heaven on earth for research scholars dealing with modern history.

The Archives have administrative, historical and intellectual values. For the reconstruction of the past in an authentic and objective manner, the archival records is of immense value. The administrative records preserved and maintained help the administrators in sorting out "institutional policies, determining programme priorities and informing a unity of purpose into the whole organization."

Archives represent treasures of the nation which is of inestimable value. They symbolize the glory, excellence and cultural traits of the nation. They are of immense use to the administrators, policy makers, researchers and to all who are anxious to know about the past. Each record can be regarded as a national monument and a highly precious document.

Archives is the golden house of a nation's cultural wealth. It is destined to withstand all the vicissitudes that occur in the course of history. Men come and go. The temperament of the people, their life style and their cultural behaviour also change as time rolls by. Civilizations flourish and vanish. Empires rise, develop, prosper and decay. It is the same with the policies of the governments. The varied nature of events because of their impact on the life of the human race assumes the status of historical events worthy to be recorded and preserved. It serves as the light house to the researchers in guiding their research pursuits. It preserves the hidden truth of the past, the guidelines to the administrators , mines of information to researchers, positive precedents to follow and the negative aspects to be avoided. Usually no one can question the evidentiary value of the archival documents since the documents under the archival custody are accurate, authentic and ultimate. Archives provide the raw material necessary to the researchers which is unquestionable and unchallengeable as and when for the reconstruction of the past. They assist the politicians and economists by rendering data and details about identical problems.

The people of India are specially noted for their archival sense and spirit. Before the introduction of the art of writing the record of events worthy of preservation were kept in memory and were transmitted from generation to generation. Records were preserved by symbols, drawing, pictures or engravings on a variety of materials like clay, wood, stone, rock walls, caves, leaves, animal skins, etc. It is generally held that writing was introduced during the later half of the Sutra period. India being the cradle of civilization gave special importance to the preservation of the records though some of the records were irrecoverably lost due to reasons beyond their control. They were not familiar with the systems of record preservation and its management.

The Jatakas of pre Buddhist period are the sources to know about the archival practice of that period. They furnish details regarding the political practice of moving a resolution thrice before passing it into a law. They also provide information regarding the prevalence of voting procedure and the system of separation of powers between Judiciary and Executive. It shows the committment of the Indians towards the preservation of the records even during pre Buddhist period.

The followers of Buddhism are very much committed to the preservation of records. The discussions and decisions of the meetings of the Buddhist Sanghas were, systematically recorded and preserved in good condition. Clerks who were generally men of high rank and intelligence recorded the minutes of the Sanghas. No doubt an advance method of record management was there during the Buddhist period.

The *Arthasastra* of Kautilya which is regarded as the imperial code of governance of the early Mauryas, reveals that the Mauryas showed great care towards the maintenance of records. Records were technically arranged and grouped under various headings. The buildings of the records office were constructed in such a way to protect the documents from the seasonal climate fluctuations. Minutest details of administration, market regulations and revenue administrative systems were recorded. *Lekaha* was the officer in charge of recording the important event and he was placed on equal par with the ministers. Experts with special ability in the art of composing the documents and a good hand writing were appointed as *Lekaha*. The *Arthasastra* also mentions about *Akshapalaka*, the custodian of the records who became the Archivist.

The Guptas gave meticulous care to preserve and use the records. The Gaya plate of Samudra Gupta points out that the Guptas had an organized system of record keeping. The person who was entrusted with the keeping of records was known as *Akshapataladhikrta*. The literal meaning of the term *Akshapataladhikrta* according to Fleet is "who is appointed to do the duties of the depository of legal documents."

Tsang Hiuen. the Chinese traveler, who came down to India during the period of Harsha Vardhana prepared his travel accounts on the basis of what he had heard, seen and read. He mentions about the custodians of records who were known as Ni-Lo-Pittu. Monier Williams defines the above term in his Sanskrit Dictionary as a collection of annals and royal edicts.

In South India the Imperial Cholas excelled themselves in the formation and preservation of records. The proceedings of the government were recorded in the palm leaves or Olai and were kept under proper custody. There was a

hierarchy of officials in charge of recording the matters. Maximum care was given to avoid errors in recording the proceedings. *Olai* officers were in charge of drafting the records and a senior officer called *Olainayagam* scrutinized such documents. *Vari pottagam* and *Varipottagakkanakku* were the most important and permanent revenue records of the Cholas. *Varipottagam* is a record of land grants and *varipottagakkanakku* is a descriptive record of the revenue demand, collection and balance statement. The temples served as the depository of records. Like the Cholas, the Vijayanagara rulers also evinced keen interest in handling the records. Abdur Razzaq, who visited Vijayanagar in 1442 A.D. shed light on the archival interest of the Vijayanagar kings. The official records were housed in a forty-pillared hall, a very big building next to the royal palace.

During the medieval period there developed a scientific system of archives keeping in India. *Sukraniti,* a Sanskrit work sheds light on the archival practice of medieval period. It mentions likhitasof seven types relating to property, gifts, purchases, sales, receipts, transfers and debts. The records contained the time, date, month, year, and place of their origin. Further the records should be authentic and it should bear the seal and signature of the issuing authority, countersigned by the concerned departmental heads. The records without such details were considered as *hina* and were declared invalid.

Akbar, the Mughal Padushah instituted a record office in 1574 A.D. He regarded the system of keeping records as an important duty of the Government. He authorized Abul Fazal for the establishment of the record office. Abul Fazal wrote Akbarnama with the help of the original documents kept preserved in the record office. The record office was known as the *DaftarKhana*. It is situated very near to the Emperor's palace at Fatehpur Sikri. Akbar appointed fourteen clarks for the maintenance of records. The Mughal Government was known as 'Kaghazi Raj', a government led by the documents. Besides there were provincial and regional record offices. The Persian manuscript called'Khallaq-us-Siyaq' by Haidar Beg also provides information regarding the organized system of record keeping under the Mughals. Like the Mughals, the Marathas were also noted for the preservation of records. On the model of the Mughals, Shivaji established the system of keeping records. He named the record office as *Daftar Khana* and the keeper of records as *Daftardar.* The records were systematically arranged and for that purpose more than 200 *karkuns* were employed. The advent of the Europeans marked the beginning of a new era in the archival administration in India.

Among the European colonial powers the British made everlasting contribution towards the gradual and systematic development of archives in

